# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ഒക്ടോബർ 7** | |
| **October 7** | **2018** |

***1193 കന്നി 21 ഞായർ***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**ഗാന്ധിജയന്തി വാരാചരണം: മെഡിക്കൽ ക്യാമ്പ് നടത്തി**

ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി റാന്നി പെരുനാട് പഞ്ചായത്തിലെ ബിമ്മരം പട്ടിക വർഗ കോളനിയിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിലാണ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്.

ക്യാമ്പിന്റെ ഭാഗമായി ത്വക് രോഗ പരിശോധനയും ബോധവത്കരണ ക്ലാസും നടത്തി. 55 പേർ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു. ര ു പേർക്ക് പ്രമേഹരോഗത്തിനും മൂന്നു പേർക്ക് രക്താതിസമ്മർദ്ദത്തിനും തുടർ ചികിത്സ നൽകി. ഡോ. ഫാത്തിമ, സ്റ്റാഫ് നഴ്സ് അശ്വതി, ഡയറ്റീഷ്യൻ സരിത, ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ രേഖാ ശങ്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ശ്യാമില, നോൺ മെഡിക്കൽ സൂപ്പർവൈസർ ഓമനക്കുട്ടൻ നായർ തുടങ്ങിയവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. (പിഎൻപി 3279/18)

**ഗാന്ധിജയന്തി വാരാചരണം: അടുമ്പടം കോളനിയിൽ മെഡിക്കൽ ക്യാമ്പ് നടത്തി**

ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി തിരുവല്ല നഗരസഭയുടെ 17ാം വാർഡിലെ അടുമ്പടം കോളനിയിൽ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. 127-ാം നമ്പർ അംഗൻവാടിയിൽ നടന്ന മെഡിക്കൽ ക്യാമ്പിന് ഡോ. ജിസ്മി ജവഹർ, ഡോ. എൻ. സൗമ്യ, സ്റ്റാഫ് ഷീജ എന്നിവർ നേതൃത്വം നൽകി. 36 പു

രുഷന്മാരും 53 സ്ത്രീകളും 17 കുട്ടികളും ഉൾപ്പെടെ 106 പേർ ക്യാമ്പിൽ ചികിത്സ തേടി. ക്യാമ്പിനോട് അനുബന്ധിച്ച് ബോധവത്കരണ ക്ലാസും നടത്തി. (പിഎൻപി 3280/18)

## ഗാന്ധിജയന്തി വാരാചരണം: സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും നടത്തി

ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി വള്ളിക്കോട് വായനശാലയുടേയും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റെയും(ആരോഗ്യം) സംയുക്ത ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. വള്ളിക്കോട് വായനശാലയിൽ നടന്ന മെഡിക്കൽ ക്യാമ്പ് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി.ജെ. അജയകുമാർ ഉദ്ഘാടനം ചെയ്തു. പി.ജി. ശശിധര കുറുപ്പ്, പി.ആർ. രാജൻ, ആർ. മുരളീധരൻ പിള്ള, ടി.ആർ. ചന്ദ്രശേഖരൻ പിള്ള തുടങ്ങിയവർ പ്രസംഗിച്ചു.

ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എബി സുഷൻ മുഖ്യപ്രഭാഷണം നടത്തി. 63 പേരെ പരിശോധിച്ചതിൽ ഒരാൾക്ക് അമിത രക്തസമ്മർദ്ദവും ഒരാൾക്ക് പ്രമേഹവും ക    ത്തുകയും ചികിത്സ നൽകുകയും ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസിന്റെ സഞ്ചരിക്കുന്ന ലബോറട്ടറിയുടെ സേവനവും ക്യാമ്പിൽ ലഭ്യമാക്കിയിരുന്നു. ഡോ. ഷെൽബി, ഡോ.എബിൻ, സ്റ്റാഫ് നഴ്സുമാരായ അശ്വതി, അനു തോമസ്, ഡയറ്റീഷ്യൻ ശിഖ ഗോപിനാഥ്, ലാബ് ടെക്നീഷ്യൻമാരായ ജോമോൾ തോമസ്, പ്രദീപ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.      (പിഎൻപി 3281/18)

## ഗാന്ധിജയന്തി വാരാചരണം: ജില്ലാ കളക്ടറും വിദ്യാർഥികളുമായി മുഖാമുഖം ഇന്ന് (എട്ടിന്)

ഗാന്ധിജയന്തി വാരാചരണത്തിന്റെ സമാപനത്തോട് അനുബന്ധിച്ച് ജില്ലാ കളക്ടർ പി.ബി. നൂഹും വിദ്യാർഥികളുമായുള്ള മുഖാമുഖം ഇന്ന് (8) ഉച്ചയ്ക്ക് ര   ിന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. നവകേരള നിർമിതിയിൽ വിദ്യാർഥികളുടെ പങ്ക് എന്നതാണ് വിഷയം. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത നാഷണൽ സർവീസ് സ്കീം വിദ്യാർഥികളാണ് മുഖാമുഖത്തിൽ പങ്കെടുക്കുക. എൻഎസ്എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. ജേക്കബ് ജോൺ, ബിജുകുമാർ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 3282/18)

### ഫോട്ടോ അടിക്കുറിപ്പ്

1) ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി റാന്നി പെരുനാട് പഞ്ചായത്തിലെ ബിമ്മരം പട്ടിക വർഗ കോളനിയിൽ ജില്ലാ മെഡിക്കൽ ഓഫീസിന്റെയും പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പ്.

2) തിരുവല്ല അടുമ്പടം കോളനിയിൽ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ്.

3) ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി വള്ളിക്കോട് വായനശാലയുടേയും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റെയും(ആരോഗ്യം) സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പ്.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| | |
|---|---|
| ഒക്ടോബർ 7<br>October 7 | 2018 |

*1193 കന്നി 21* ഞായർ

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

**ഗാന്ധിജയന്തി വാരാചരണം: കുരുമ്പൻമൂഴിയിൽ മെഡിക്കൽ ക്യാമ്പ് നടത്തി**

ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കുരുമ്പൻമൂഴി ആദിവാസി കോളനിയിൽ മെഡിക്കൽ ക്യാമ്പ് നടത്തി. കുരുമ്പൻമൂഴി അംഗൻവാടിയിൽ നടത്തിയ മെഡിക്കൽ ക്യാമ്പിന് ഡോ. ഹേമ, ഡോ.ഷാലിമ, ഡോ. ലിന്റ, ഫാർമസിസ്റ്റ് സജി ഫിലിപ്പ്, സ്റ്റാഫ് സന്തോഷ് എന്നിവർ നേതൃത്വം നൽകി. എഴുപത് പേർ ക്യാമ്പിൽ ചികിത്സ തേടി. ക്യാമ്പിന്റെ ഭാഗമായി നടത്തിയ ബോധവത്കരണ ക്ലാസ് ഡോ. കർണ്ണൻ നയിച്ചു. (പിഎൻപി 3283/18)

**ഗാന്ധിജയന്തി വാരാചരണം: അരയാഞ്ഞിലിമണ്ണിൽ മെഡിക്കൽ ക്യാമ്പ് നടത്തി**

ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ അരയാഞ്ഞിലിമൺ ആദിവാസി കോളനിയിൽ മെഡിക്കൽ ക്യാമ്പ് നടത്തി. അരയാഞ്ഞിലിമൺ വിഎസ്എസ് ഹാളിൽ നടന്ന ക്യാമ്പിന് ഡോ. ഷിജി, ഡോ.ഷീന, ഡോ. കർണ്ണൻ, ഫാർമസിസ്റ്റ് അരുൺ എസ് നായർ, സ്റ്റാഫ് സിന്ധു എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ 78 പേർ ചികിത്സ തേടി. ഡോ. കർണൻ ബോധവത്കരണ ക്ലാസ് നയിച്ചു. (പിഎൻപി 3284/18)

**ഫോട്ടോ അടിക്കുറിപ്പ്**

4) ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കുറുമ്പൻമൂഴി ആദിവാസി കോളനിയിൽ നടത്തിയ മെഡിക്കൽ ക്യാമ്പ്.

5) ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ അരയാഞ്ഞിലിമൺ ആദിവാസി കോളനിയിൽ നടത്തിയ മെഡിക്കൽ ക്യാമ്പ്.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**